# പള്ളികഥകൾ

## മിനികഥകൾ തൊണ്ണൂറ്റി എട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ, വിങ്ങി വിങ്ങി കരഞ്ഞു കൊണ്ടാണ് ഈ കഥ പറയുന്നത്. നമ്മുടെ തമാശകൾ ഒരിക്കലും മറ്റുള്ളവരെ വേദനിപ്പിക്കുന്നതായിരിക്കരുത് എന്ന ചിന്തയോടെയാണ് ഈ കഥ അവതരിപ്പിക്കുന്നത്.

# വേദന

“അയ്യോ” എന്ന അതിവേദനയാണ് എപ്പോഴും അവിടെ നിന്നും കേൾക്കുന്നത്. ഏതൊരു കഠിന ഹൃദയന്റേയും കരളലിയിപ്പിക്കുന്ന കാഴ്ചയാണ് അവിടെ കാണാൻ കഴിയുന്നത്.

“കുരിശു മരണത്തിനും വേദനകൾ അനുഭവിക്കാനും തയാറെടുത്താണല്ലോ, പിതാവേ അങ്ങു് ജന്മം എടുത്തത്. എന്നാൽ എന്തു തെറ്റു ചെയ്തിട്ടാണ് പരിശുദ്ധ കന്യക മറിയാം ഒരു ജീവ കാലം മുഴുവനും കണ്ണീർ കുടിച്ച് ജീവിച്ചത്?” സഹിക്കവയ്യാത്ത വേദന കൊണ്ടുള്ള ആ ചോദ്യം ആരുടേയും കരളലിയിപ്പിക്കുന്നതാണ്.

നേരേ കിടക്കാൻ വയ്യ. അതി ഭയങ്കര വേദന. കമിഴ്ന്നു കിടക്കാൻ വയ്യ. അതി ഭയങ്കര വേദന. വലതു വശം തിരിഞ്ഞോ, ഇടതു വശം തിരിഞ്ഞോ കിടക്കാൻ വയ്യ. അതി ഭയങ്കര വേദന. ഇരിക്കാൻ വയ്യ; നിൽക്കാൻ വയ്യ, നടക്കാൻ വയ്യ; അതി ഭയങ്കര വേദന. “ഇതിനു തക്ക പാപം എന്തു ചെയ്തു?” വേദന കൊണ്ട്, സഹിക്കാൻ വയ്യാത്ത വേദന കൊണ്ട് ഞെളി പിരി കൊള്ളുകയാണ്.

“എന്റെ ദൈവമേ, ആർക്കും ഒരിക്കലും ഇത്ര ഭയങ്കര ശിക്ഷ കൊടുക്കല്ലേ!” കണ്ണീരോട് പ്രാർത്ഥിക്കുകയാണ്. ദിവസങ്ങൾ വളരെ ആയി ഈ വേദന സഹിക്കാൻ തുടങ്ങിയിട്ട്. ഈ ജീവിത കാലം മുഴുവനും ഈ വേദന സഹിച്ച് ഈ കിടപ്പ് കിടക്കേണ്ടി വരുമോ?”

ഒരിക്കലും പ്രതീക്ഷിക്കാത്ത പലതുമാണല്ലോ അപ്രതീക്ഷിതമായ് നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ സംഭവിക്കുന്ന്. എല്ലാം സഹിക്കുക എന്ന സമാധാന വാക്ക് കേട്ട് കേട്ട് മടുത്തു; എത്രത്തോളം സഹിക്കണം.

വാദപ്രതിവാദത്തിന്റെ അന്ത്യത്തിൽ അതി ദീർഘമായ ഒരു മധുര പ്രഭാഷണം കഴിഞ്ഞ് ഇരുന്നതാണ്. നടുവടിച്ച് താഴെ സിമന്റു തറയിലെ വീഴ്ച ഭയങ്കരമായിപ്പോയി. പ്രസംഗത്തിന് മുൻപ് ഇരുന്ന കസേര മാറ്റിയിട്ടിട്ട് ആയിരുന്നോ തുടക്കം കുറിച്ചത്. അല്ല; ഒരിക്കലുമല്ല. അത്രയ്ക്ക് മറവി പറ്റത്തക്ക പ്രായമൊന്നുമായില്ല. വേദന സഹിക്ക വയ്യാതെ താഴെ കിടന്നപ്പോൾ കാണുന്നത്: ചുറ്റും കൂട്ടചിരി നടത്തുന്നവരെയാണ്. എല്ലാവരും തമാശ കാണുന്ന പ്രതീതി ആയിരുന്നു. അയ്യോ എന്നു നിലവിളിച്ചപ്പോഴും ചുറ്റിനും ചിരിയുടെ മാലപ്പടക്കമായിരുന്നു കളിയല്ലകാര്യമാണെന്ന് മനസ്സിലാക്കിയപ്പോഴേക്കും ദീർഘനേരം നിലത്തു കിടന്ന് സഹിക്ക വയ്യാത്ത വേദന കൊണ്ട് പിടയുകയായിരുന്നു. അതൊരു അഭിനയമെന്ന് കരുതി ചുറ്റിനും നിന്നവർ ആർത്തട്ടഹസിച്ചു.

കളിയല്ല കാര്യമാണെന്ന് മനസ്സിലാക്കിയപ്പോൾ അനുതാപത്തോടുള്ള വീക്ഷണങ്ങളായി. അവരുടെ സഹാനുഭൂതി സഹിക്ക വയ്യാത്തതായിരുന്നു. സഹായിക്കാൻ ആരും തുനിഞ്ഞില്ല. താങ്ങിയെടുത്തപ്പോൾ നേരെ നിൽക്കാൻ വയ്യാത്ത അവസ്ഥ. കളിയാണോ കാര്യമാണോ സംഭവിച്ചത്? ശത്രുക്കൾ ആരുമില്ലന്നാണ് ധരിച്ചത്. അസൂയക്കാർ ധാരാളമുണ്ടായിരുന്നു. അതിനുള്ള കാരണങ്ങൾ നിരവധി. സുന്ദരൻ; മിടുക്കൻ; വാഗ്മി; മധുര നാദത്തിനുടമ; അതി സുന്ദരിയുടെ ഭർത്താവ്; ഇത്രയും തന്നെ ധാരാളം. അവൾ സുന്ദരി മാത്രമല്ല; ബഹു മിടുക്കി കൂടിയായിരുന്നു. അതുകൊണ്ടാണല്ലോ ബാല്യകാലം മുതൽ അവളെ സഖിയായി കിട്ടിയത്. വിവാഹം കഴിക്കാതെ സന്ന്യാസി പട്ടക്കാരനായി ജീവിച്ച് ഒരിക്കൽ ഒരു മെത്രാൻ ആയി തീരാൻ വീട്ടുകാർ എല്ലാം ആശിച്ചപ്പോഴും അതെല്ലാം നിരശിച്ചതും. വിവാഹം കഴിച്ചില്ലായിരുന്നെങ്കിൽ തീർച്ചയായും ഒരിക്കൽ ഒരു മെത്രാൻ ആയിതീരുമെന്ന് ഉറപ്പുണ്ടായിരുന്നു. ആ മനോഹര പുഷ്പത്തെ കൈവെടിയാതിരുന്നത് കാമ വികാരം കൊണ്ടായിരുന്നില്ല; മറിച്ച്. ഇണയും തുണയുമായി ജീവിതകാലം വെരെ കൂടെ കാണുമല്ലോ എന്ന പ്രത്യാശ. പെണ്ണമ്മയെ ജീവിത സഖിയാക്കാൻ തീരുമാനിച്ചപ്പോൾ വീട്ടുകാർക്കെല്ലാം എതിർപ്പായിരുന്നു. ഉറച്ച തീരുമാനങ്ങൾക്കു മുൻപിൽ അവരെല്ലാം നിശബ്ദരായി.

സുശീൽ അച്ചൻ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ തന്നെ, അടുത്തുള്ള സഭയുടെ കോളേജിൽ അദ്ധ്യാപകനായി ജോലി കിട്ടി. ആ ജോലി ഉള്ളപ്പോൾ ആയിരുന്നു സുശീൽ ശെമ്മശ്ശൻ നേഴ്സ് പെണ്ണമ്മയെ വിവാഹം കഴിച്ചത്. അവൾ വെറും നേഴ്സ് അല്ലായിരുന്നു. നേഴ്സ്മാരെ പഠിപ്പിക്കുന്നവളായിരുന്നു. അവർ താമസിക്കുന്നതിന്റെ വളരെ അടുത്തായി തന്നെ ഉള്ള സഭയുടെ ആശുപത്രിയിൽ ജോലി കിട്ടിയത് വളരെ ആശ്വാസമായി. ഭദ്രാസന മെത്രാച്ചന് സുശീലച്ചനെ വളരെ ഇഷ്ടമാണ്. തൊട്ടടുത്തുള്ള ചെറിയ ഒരു പള്ളിയുടെ ചുമതലയും സുശീലച്ചന് കൊടുത്തു.

പട്ടം കെട്ടിയതിന്റെ തൊട്ടടുത്തുള്ള ഞായറാഴ്ച, സുശീൽ അച്ചന്റെ വിശുദ്ധ കുർബ്ബാന കണ്ടവർ എല്ലാം അത്ഭുത പരതന്ത്രരായിപ്പോയി. ഇത്രയും മധുര സ്വരത്തിലുള്ള ഒരു ആരാധന അവരിൽ പലരും ആദ്യമായി കാണുകയും കേൾക്കുകയുമായിരുന്നു. യാതൊരു തെറ്റും കൂടാതെ ഒരു ആരാധന മെത്രാച്ചനേയും വികാരധീനനാക്കി. തന്മൂലം പിന്നീടുള്ള അച്ചന്റെ ആരാധനകാണാനുംകേൾക്കാനുംപ്രാന്തപ്രദേശങ്ങളിൽ നിന്നു പോലും വളരെ അധികം ആൾക്കാർ വന്നു. വാമൊഴി കേട്ടവർ കേട്ടവർ പിന്നേയും പിന്നേയും വന്നുകൊണ്ടിരുന്നു.

അച്ചൻ പഠിപ്പിച്ചിരുന്ന കോളേജിലെ വിദ്യാർത്ഥികൾ അച്ചനെ വളരെയധികം സ്നേഹിച്ചു; ബഹുമാനിച്ചു. അച്ചൻ പഠിപ്പിക്കുന്നതെല്ലാം അവർക്ക് പെട്ടന്ന് ഹൃധിഷ്ടമാകും. ഇത്രയും കാര്യങ്ങൾ ധാരാളമാണല്ലോ, അസൂയാലുക്കൾ ധാരാളമുണ്ടാകാൻ. കൂടാതെ ശത്രുക്കളും.

വിവാഹം കഴിഞ്ഞിട്ടും പട്ടം കെട്ടിയിട്ടും ഏകദേശം ഒരു വർഷം കഴിഞ്ഞപ്പോഴാണ് ഈ അത്യാഹിതം. “നമ്മൾ ഒന്ന് ഇരുപ്പുറപ്പിച്ചിട്ടു മതി തുടർ തലമുറക്കാർ എന്ന കാര്യത്തിൽ അവർ ഭാര്യാഭർത്താക്കന്മാർ ഐക്യമായത് ഇന്ന് വിനയായി. ആകാശത്തു നിന്ന് താഴെ ഇറങ്ങി വന്ന മാലാഖയെപ്പോലെ സുന്ദരി ആയ പെണ്ണമ്മയെ ആ കിടപ്പിൽ കാണുമ്പോൾ അച്ചൻ വീണ്ടും ദുഃഖിതനാകും.

വീട്ടിൽ കൊണ്ടു വന്ന അച്ചനെ ഇരുപത്തിനാലു മണിക്കൂറും കൂടെയിരുന്ന് ശുശ്രൂഷിച്ചിട്ട് ജോലി കൂടെ ചെയ്യാൻ പെണ്ണമ്മയ്ക്കല്ല ആർക്കും സാദ്ധ്യമാകത്തില്ല. രാപകൽ എന്തും ചെയ്യാൻ അവൾ സന്നദ്ധ ആയിരുന്നു. ദൈവാനുഗ്രഹം കൊണ്ട്, സഭയുടെ തന്നെ ഒരു മഠത്തിലെ നേഴ്സ് ആയ ഒരു കന്യാസ്ത്രീ, യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ അവരുടെ സഹായത്തിനെത്തി. അച്ചന്റെ ആ കിടപ്പിൽ കിടന്നുള്ള എല്ലാ ആവശ്യങ്ങളും അവർ യാതൊരു മടിയും കൂടാതെ നിർവ്വഹിച്ചു. രാപകലില്ലാതെ അവർ ആ മുറിയിൽ തന്നെ കഴിച്ചു. അച്ചന്റെ അതി കഠിന വേദന പങ്കു വെയ്ക്കാനാരുമില്ലാതായി!